വിവിധ ഇനങ്ങളിൽ പ്രതിപക്ഷ നേതാവിനായി ചെലവഴിച്ച തുക

105 [1654] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടി പിടിപ്പിക്കുന്നതിന് എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ പ്രതിപക്ഷ നേതാവിന്റെ ടെലഫോൺ ചാർജ്, അതിഥി സൽക്കാരം, യാത്രപ്പടി എന്നീ ഇനങ്ങളിൽ എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പ്രതിപക്ഷ നേതാവോ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളോ വിദേശ യാത്ര നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; ഇതിന് വന്ന ചെലവ് വ്യക്തമാക്കാമോ;

(ഡി) പ്രതിപക്ഷ നേതാവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ഇനത്തിൽ കൈപ്പറ്റിയ തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടി പിടിപ്പിക്കുന്നതിന് തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ, അത്യാവശ്യ അറ്റകുറ്റപ്പണികൾ നടത്തിയ വകയിൽ 79,666 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ ടെലഫോൺ ചാർജ് ഇനത്തിൽ 1,82,238 രൂപയും, യാത്രപ്പടി ഇനത്തിൽ 2,85,959 രൂപയും ചെലവഴിച്ചിട്ടുണ്ട്. അതിഥി സൽക്കാരത്തിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) ഇല്ല. ചോദ്യം ഉദിക്കുന്നില്ല.

(ഡി) 38,848 രൂപ.

ഖാദി-ഹിന്ദി പ്രചാരകർക്ക് പെൻഷൻ

106 [1656] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി-ഹിന്ദി പ്രചാരക പെൻഷന് വേണ്ടി തിരുവനന്തപുരം ജില്ലയിൽ നിന്ന് എത്ര അപേക്ഷകളാണ് ലഭിച്ചതെന്ന് വെളിപ്പെടുത്താമോ;

(ബി) ജില്ലാ കളക്ടർ എത്ര അപേക്ഷകളാണ് സർക്കാരിലേക്കു ശുപാർശ ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കളക്ടർ ശുപാർശ ചെയ്ത അപേക്ഷകളിൻമേൽ ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) പെൻഷൻ അനുവദിച്ച് ഉത്തരവാകുകയും അപേക്ഷകർ മരണപ്പെടുകയും ചെയ്താൽ ആയത് ആശ്രിതർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 31-8-1996-ലെ ജി. ഒ. (ആർ.റ്റി.) 7200/96 ജി. എ. ഡി. പ്രകാരം ഖാദി ഹിന്ദി പെൻഷൻ റദ്ദു ചെയ്യുമ്പോൾ 207 അപേക്ഷകൾ നിലവിൽ ഉണ്ടായിരുന്നുവെന്നും എന്നാൽ പദ്ധതി നിർത്തലാക്കിയതിനെത്തുടർന്ന് ബന്ധപ്പെട്ട ഫയലുകൾ കെ. ഡിസ് പ്രകാരം തീർപ്പാക്കിയതിനാൽ ഈ ഫയലുകൾ ഇപ്പോൾ ലഭ്യമല്ല എന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) 1996-ൽ പദ്ധതി നിർത്തലാക്കുന്നതിന് മുൻപായി തിരുവനന്തപുരം ജില്ലയിൽ 7 പേർക്ക് പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചതായി അറിയിച്ചിട്ടുണ്ട്.

(സി) സർക്കാർ തലത്തിൽ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(ഡി) നിലവിലുള്ള നിയമമനുസരിച്ച് പെൻഷൻ അനുവദിച്ച് ഉത്തരവാകുകയും അപേക്ഷകർ മരണപ്പെടുകയും ചെയ്താൽ ആയത് തുടർ പെൻഷൻ ലഭിക്കാൻ അർഹതയുള്ള ആശ്രിതർക്ക് മാത്രം ലഭിക്കുന്നതാണ്.

ഡൽഹി കേരള ഹൗസിലെ വിവിധ തസ്തികകൾ

107 [1658] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിലെ കേരളാ ഹൗസിൽ വിവിധ തസ്തികകളിലേക്ക് പുതുതായി നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ നിയമനങ്ങൾ ദിവസക്കൂലി/കരാർ/സ്ഥിരം അടിസ്ഥാനത്തിലാണാ;

(ബി) നിയമനം നടത്താൻ ഉദ്ദേശിക്കുന്ന തസ്തികകളിൽ നിലവിലുള്ള ജീവനക്കാർക്ക് പ്രമോഷൻ ലഭ്യമാകുന്ന തസ്തികകൾ ഏതെല്ലാം;

(സി) പുതുതായി തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കേരള ഹൗസിൽ നിലവിലുള്ള തസ്തികകൾ, ഒഴിവുകൾ, ജീവനക്കാരുടെ എണ്ണം എന്നിവ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly